# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.റ്റി.596 10.03.2015-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. പി.കെ.ബഷീർ

ഉത്തരം

**ശ്രീ.കെ.എം.മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

| | | |
|---|---|---|
| (എ) | പ്രതിവർഷം സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ചെലവഴിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | ധനവകുപ്പിൽ ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 43 കോടിയോളം രൂപ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തോടൊപ്പം ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ; | സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച പത്താം ശമ്പള കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ജീവനക്കാർക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നതിന്റെ സാധ്യതാ പരിശോധനയും ഉൾപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെയും കൂടി ഉൾപ്പെടുത്തി സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ